ഭരണഭാഷ മാതൃഭാഷ

ICDS/ A6/6256/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 21/05/2020
email:directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471 2346534

## പരിപത്രം

വിഷയം : വനിതാ ശിശു വികസന വകുപ്പ് - പ്രധാനമന്ത്രി മാതൃ വന്ദന യോജന മാർഗ്ഗനിർദ്ദേശങ്ങൾ - Updations - സംബന്ധിച്ച്

പ്രധാനമന്ത്രി മാതൃ വന്ദന യോജന പദ്ധതി 2017 മുതൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പദ്ധതി ആനുകൂല്യം അർഹരായ എല്ലാവരിലേക്കും സമയബന്ധിതമായി എത്തിക്കുവാൻ കഴിയുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർഗരേഖ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചെങ്കിലും ഫീൽഡിൽ നിന്നും CAS റിപ്പോർട്ടുകളിൽ നിന്നും പ്രോജക്ടുകളിൽ പദ്ധതി നടത്തിപ്പിന് ഏകീകൃത സ്വഭാവം ഇല്ലെന്നു കാണുന്നു. പദ്ധതി മാർഗ്ഗരേഖയിൽ വിവിധ സമയങ്ങളിൽ വന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

**മാർഗ നിർദ്ദേശത്തിൽ വന്ന മാറ്റങ്ങൾ**

1. PPMMVY ഗുണഭോക്താവ് LMP കഴിഞ്ഞു 150 ദിവസത്തിനകം ഹെൽത്ത് /അങ്കണവാടിയിലോ രെജിസ്റ്റർ ചെയ്തിരിക്കണം
2. **MCP കാർഡ് നിർബന്ധമല്ല.** (150 ദിവസത്തിനുള്ളിൽ MCP കാർഡ് നല്കാൻ കഴിയാത്തവരുടെ പക്കൽ നിന്നും സ്വകാര്യ ആശുപത്രിയുടെയോ, ഗൈനക്കോളജിസ്റ്റിന്റെയോ പരിശോധന പത്രം സ്വീകരിക്കാവുന്നതാണ്. പ്രസ്തുത രേഖയിൽ ഒന്നാമത്തെ പ്രസവം ആണെന്നും, പരിശോധന തീയതി ഉണ്ടെന്നും, ഡോക്ടറിന്റെ / ഹോസ്പിറ്റൽ ഡീറ്റെയിൽസ് ഉണ്ടെന്നും ഉറപ്പാക്കുക.) ICDS/A6/37636/17 dated 29/06/2019
3. 1 എ, 1 ബി ഫോമുകൾ ഒരുമിച്ച് CAS -ൽ എന്റർ ചെയ്യാവുന്നതാണ്. രണ്ടാം ഗഡുവിന് **അപേക്ഷിക്കാൻ 6 മാസം പൂർത്തിയാക്കണമെന്നില്ല.**
4. രണ്ടാമത്തെ ഗഡുവിന് അപേക്ഷിക്കാൻ **ഒരു ഗർഭ കാല പരിശോധന** നടത്തിയാൽ മതിയാകും.
5. PMMVY ഏതെങ്കിലും ആനുകൂല്യം കൈപറ്റിയതിനു ശേഷം ഗർഭഛിദ്രമോ , ചാപിള്ള ജനനമോ ഉണ്ടായാൽ അടുത്ത ഗർഭവസ്ഥക്കു **മുഴുവൻ ആനുകൂല്യങ്ങളും നൽകാവുന്നതാണ്.** ICDS/A6/37636/17 dated 29/06/2019
6. 1 സി ഫോമിനോടൊപ്പം നിരബന്ധമായും **JSY വിവരങ്ങൾ ശേഖരിക്കേണ്ടതും അത് CAS -ൽ രേഖപ്പെടുത്തേണ്ടതുമാണ്**
7. എസ് ടി വിഭാഗത്തിലെ അമ്മമാർക്കു പട്ടിക വർഗ വികസന വകുപ്പ് വഴി ജനനി ജന്മ രക്ഷ എന്ന പേരിൽ ഒരു മാതൃ ധന സഹായ പദ്ധതി നടപ്പിലാക്കുന്നു. ആയതിനാൽ എസ്ടി വിഭാഗത്തിൽ ഉള്ളവർക് PMMVY ആനുകൂല്യം നൽകേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ ജനനി ജന്മ രക്ഷ പദ്ധതി വഴി ആനുകൂല്യം ലഭിക്കാത്തവർക്ക് PMMVY പദ്ധതി വഴി ആനുകൂല്യം നൽകേണ്ടി വന്നാൽ എസ് ടി ഡെവലപ്മെൻറ് ഓഫീസറിൽ നിന്നും ടി ധനസഹായം ലഭ്യമായിട്ടില്ല എന്നുള്ള **സാക്ഷ്യപത്രം ഉറപ്പാക്കണം**

PMMVY പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ നിരവധി അപേക്ഷ ഫോമുകൾ ശേഖരിച്ചിരുന്നതിനാൽ ഒരു ഗുണഭോക്താവിന്റെ അപേക്ഷകൾ മൂന്നും (1A, 1B, 1C) ഒരുമിച്ച് വാങ്ങിയിരുന്നു. എന്നാൽ പദ്ധതി ഗുണഭോക്താക്കളിൽ അധികം പെൻഡിങ് ഇല്ലാതിരിക്കുന്ന നിലവിലെ സാഹചര്യത്തിലും ഈ പ്രവണത തുടർന്ന് വരുന്നതായി കാണുന്നു. ഒരു ഗുണഭോക്താവ് ഏതൊരു ഗഡുവിന് അപേക്ഷ സമർപ്പിച്ചാലും അത് 7 ദിവസത്തിനുള്ളിൽ നിർബന്ധമായും സൂപ്പർവൈസറിനു കൈമാറേണ്ടതാണ്.

മേൽ വിവരങ്ങൾ ഫീൽഡ് തലത്തിൽ അറിയിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം യഥാസമയം നൽകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ കൈക്കൊള്ളേണ്ടതാണ്

വനിതാ ശിശു വികസന ഡയറക്ടർ ക്കു വേണ്ടി